# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2996

## 18-10-2016 ലെ മറുപടിക്ക്

### ട്രഷറി അക്കൗണ്ടിൽ കിഫ്ബിയുടെ നിക്ഷേപം

| ചോദ്യം<br>ശ്രീ. കെ.എം. മാണി | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ മന്ത്രി) |
|---|---|
| (എ) കിഫ്ബി സമാഹരിക്കുന്ന പണം ഒരു കാരണവശാലും സർക്കാർ ഖജനാവിൽ നിക്ഷേപിക്കുകയോ ഡിപ്പാർട്ടുമെന്റ് വഴി ചെലവഴിക്കുകയോ ചെയ്യില്ലായെന്ന ധനകാര്യ വകുപ്പ മന്ത്രിയുടെ ഉറപ്പ് പാലിക്കുവാൻ കിഫ്ബി നിയമത്തിൽ എന്തെല്ലാം ഭേദഗതികളാണ് വരുത്തിയത്; | കിഫ്ബി വഴി ഫണ്ട് സമാഹരിക്കുന്നതിനും ചെലവഴിക്കുന്നതിനുമുള്ള നടപടി സുതാര്യമാക്കുന്നതിന് കിഫ്ബി ആക്റ്റിൽ ആവശ്യമായ ഭേദഗതി നടപ്പിലാക്കിയിട്ടുണ്ട്. 2016 ലെ കേരള അടിസ്ഥാന സൗകര്യ നിക്ഷേപ നിധി (ഭേദഗതി) ഓർഡിനൻസ് 3-ാം വകുപ്പിന്റെ 5-ാം ഉപ വകുപ്പ് പ്രകാരം 7-ാം വകുപ്പിൻ കീഴിൽ സർക്കാർ നൽകുന്ന പണം അല്ലാതെ (2) -ാം ഉപ വകുപ്പിൽ വ്യക്തമാക്കിയിട്ടുള്ള എല്ലാ പണവും ബോർഡിന്റെ അംഗീകാരത്തോടു കൂടി ഒരു ദേശസാൽകൃത ബാങ്കിലോ അപ്രകാരമുള്ള മറ്റ് വിവേകപൂർവ്വമായ നിക്ഷേപങ്ങളിലോ നിക്ഷേപം നടത്തേണ്ടതാണ്.<br>എന്നാൽ 7-ാം വകുപ്പ് പ്രകാരം സർക്കാർ നൽകുന്ന പണത്തിന്റെ ഏതെങ്കിലും ഭാഗം, ഏതെങ്കിലും ദേശസാൽകൃത ബാങ്കിലോ, യൂണിയന്റേയോ സംസ്ഥാനങ്ങളുടെയോ സോവറിൻ ബോണ്ടുകളിലോ സംസ്ഥാന |
| (ബി) കിഫ്ബിയുടെ പണം ട്രിപ്പിൾ റേറ്റഡ് ആസ്തികളിൽ ആയിരിക്കും നിക്ഷേപിക്കുക എന്ന് ധനകാര്യമന്ത്രി നൽകിയ ഉറപ്പ് പാലിക്കുവാൻ കിഫ്ബി നിയമത്തിൽ എന്തെല്ലാം ഭേദഗതികൾ വരുത്തി; | |

| | |
|---|---|
| | ട്രഷറിയല്ലാതെയുള്ള അപ്രകാരമുള്ള മറ്റ് വിവേകപൂർവ്വമായ നിക്ഷേപങ്ങളിലോ നിക്ഷേപിക്കുകയോ മുതൽ മുടക്കുകയോ ചെയ്യാവുന്നതാണ്.<br>(വിശദീകരണം:- ഈ ഉപ വകുപ്പിന്റെ ആവശ്യത്തിലേക്കായി, 'വിവേകപൂർവ്വമായ നിക്ഷേപം' എന്നാൽ പ്രസ്തുത വിഭാഗത്തിലുള്ള നിക്ഷേപത്തിന് ഉചിതമായ റഗുലേറ്ററി സ്ഥാപനം അല്ലെങ്കിൽ ക്രെഡിറ്റ് റേറ്റിംഗ് ഏജൻസി ഏറ്റവും ഉയർന്ന റേറ്റിംഗ് നൽകിയിട്ടുള്ള നിക്ഷേപങ്ങൾ എന്നർത്ഥമാകുന്നു.)<br>ഇതിനു പുറമേ ഭേദഗതി പ്രകാരം ടി ഓർഡിനൻസിലെ 6 സി, 6 ഡി എന്നീ വകുപ്പുകൾ പ്രകാരം ഒരു ഫണ്ട് ട്രസ്റ്റി & അഡ്വൈസറി കമ്മീഷനെ ഏർപ്പെടുത്തുകയും ബോർഡിലെ നിധിയുടെ എല്ലാ നിക്ഷേപങ്ങളും ആക്ടിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾക്കനുസൃതമാണെന്നും നിധി വകമാറ്റി ചെലവഴിക്കപ്പെടുന്നില്ല എന്ന് ഉറപ്പുവരുത്തുന്നതുമാണ്. ടി വ്യവസ്ഥകളെല്ലാം ബഹുമാനപ്പെട്ട ധനകാര്യ വകുപ്പു മന്ത്രിയുടെ പ്രസ്തുത ഉറപ്പുകൾ പാലിക്കുവാൻ പര്യാപ്തമാണ്. |
| **(സി)** സർക്കാർ പ്ലാൻ ഫണ്ട് കിഫ്ബിയ്ക്ക് വക മാറ്റി കൊടുത്തത് ട്രഷറിയിൽ സ്പെഷ്യൽ ടി.എസ്.ബി. അക്കൗണ്ടിൽ നിക്ഷേപിക്കുവാൻ കാരണമെന്ത്; ഇത് കിഫ്ബി നിയമത്തിന് എതിരാണെന്ന് കരുതുന്നുണ്ടോ; കിഫ്ബിയുടെ ഏത് ഉദ്യോഗസ്ഥനാണ് ഈ അക്കൗണ്ട് ഓപ്പൺ ചെയ്തത്; ഇപ്പോൾ ആരാണ് ഇത് ഓപ്പറേറ്റ് ചെയ്യുന്നത്? | 2015-16 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ 22-ാം ഖണ്ഡ പ്രകാരം പ്രധാന പശ്ചാത്തല വികസന പദ്ധതികൾ നടപ്പിലാക്കുന്നതിനായി 2000 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തുന്നതാണെന്നും ഈ തുക മൂലധനമായി ഉപയോഗിച്ച് കിഫ്ബി പൊതു വിപണിയിൽ നിന്നും പണം കണ്ടെത്തുന്നതാണെന്നും പ്രസ്താവിക്കുകയുണ്ടായി. |

| | |
|---|---|
| | അപ്രകാരം മുഖ്യ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്കായി 5475-00-800-92 ശീർഷകത്തിൽ ഈ തുക വകകൊള്ളിക്കുകയും കിഫ്ബിയുടെ പരിഷ്കരണം പ്രാരംഭ ഘട്ടത്തിലായിരുന്നതിനാൽ ഈ തുക തൻ വർഷത്തെ വിവിധ പ്രധാന പശ്ചാത്തല വികസന പ്രവൃത്തികൾക്ക് വിനിയോഗിക്കുകയും ഇതിൽ അവശേഷിച്ച തുകയായ 873.85 കോടി രൂപ വർഷാവസാനം പ്ലാനിംഗ് വകുപ്പിന്റെ 30/3/2016 ലെ സ.ഉ. (കൈ) നം. 16/2016/പ്ലാനിംഗ് ഉത്തരവ് പ്രകാരം കിഫ്ബിയുടെ പ്രത്യേക ടി.എസ്.ബി. അക്കൗണ്ടിൽ നിക്ഷേപിക്കുകയും ചെയ്തു. ഈ നടപടി കിഫ്ബി നിയമത്തിന് എതിരല്ല. കാരണം സർക്കാർ കിഫ്ബിയ്ക്ക് ലഭ്യമാക്കുന്ന പണം ആക്ടിലെയും സ്കീമിലെയും വ്യവസ്ഥകൾ പ്രകാരം ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കാവുന്നതാണ്. സർക്കാരിന്റെ അനുമതിയോടെ കിഫ്ബിയുടെ ഫണ്ട് മാനേജർ ആണ് അക്കൗണ്ട് തുറന്നത്. കിഫ്ബി ആക്ട് പ്രകാരം ബോർഡിന്റെ അക്കൗണ്ടുകൾ കൈകാര്യം ചെയ്യുന്നത് കിഫ്ബി ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ കൂടിയായ ഫണ്ട് മാനേജർ ആണ്. |

**സെക്ഷൻ ഓഫീസർ**